പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1391 | 13/07/2016 ൽ മറുപടിക്ക്

## പെരിയ സി എച്ച് സിയിൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തായ പുല്ലൂർ-പെരിയയിൽ സ്ഥിതിചെയ്യുന്ന പെരിയ സി എച്ച് സി. യിൽ ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) & (ബി) | പെരിയ സി.എച്ച്.സി. യിൽ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ബി) | ഓപ്പറേഷൻ തിയേറ്ററും ലാബ് സൗകര്യങ്ങളും സജ്ജമാക്കിയിട്ടുള്ള പ്രസ്തുത സി എച്ച് സി യിൽ എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തിലെ സ്ഥാപനം എന്ന പരിഗണന നൽകി തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ